**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 766** **14-10-2026-ൽ മറുപടിയ്ക്ക്**

**നിലമ്പൂരിൽ ആദിവാസി വിദ്യാർത്ഥികൾക്ക് കോളേജ് തലത്തിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നത്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** മലപ്പുറം ജില്ലയിൽ ഏറ്റവുമധികം ആദിവാസികൾ അധിവസിക്കുന്ന നിലമ്പൂരിൽ കോളേജ് വിദ്യാഭ്യാസത്തിനായി ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്തതുമൂലം പഠനം ഉപേക്ഷിച്ച പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുട്ടികളുടെ തുടർപഠനം ഉറപ്പാക്കുന്നതിനായി കോളേജ് തലത്തിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

**മറുപടി:** നിലമ്പൂരിൽ കോളേജ് വിദ്യാഭ്യാസത്തിനായി ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്തതുമൂലം പഠനം ഉപേക്ഷിച്ച പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതിനാൽ പ്ലസ് വൺ മുതൽ ഉന്നത വിദ്യാഭ്യാസം നടത്തുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഐ.ടി.ഐ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രീമെട്രിക്ക് ഹോസ്റ്റലുകളിൽ താമസം ഒരുക്കി വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനുള്ള സൗകര്യം നൽകി വരുന്നുണ്ട്.

നിലമ്പൂർ മുനിസിപ്പാലിറ്റി പരിധിയിൽ പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ ആരംഭിക്കുന്നതിനായി TRDM ജില്ലാ മിഷൻ യോഗ തീരുമാന പ്രകാരം അനുമതി ലഭ്യമായിട്ടുണ്ട്. റവന്യു വകുപ്പിൽ നിന്നും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൂടാതെ കോളേജ് തലത്തിൽ ഔദ്യോഗിക ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ തുടർപഠനം ഉറപ്പാക്കുന്നതിനായി പ്രൈവറ്റ് അക്കോമഡേഷൻ സൗകര്യം പ്രയോജനപ്പെടുത്തുന്നതിന് (പ്രൈവറ്റ് ഹോസ്റ്റലർ) സാമ്പത്തിക ആനുകൂല്യം നൽകി വരുന്നുണ്ട്. പ്രൈവറ്റ് ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം പ്രതിമാസം 3,000/- രൂപ നിരക്കിൽ പ്രതിവർഷം പരമാവധി 30,000/- രൂപ അനുവദിച്ച് നൽകുന്നുണ്ട്. ഈ ധനസഹായം വഴി ഹോസ്റ്റൽ സൗകര്യമില്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്വകാര്യ താമസസൗകര്യം കണ്ടെത്തി തുടർപഠനം തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**